**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1565** **08-10-2021 - ൽ മറുപടിയ്ക്ക്**

**കൈപ്പാട് ഏരിയ ഡവലപ്മെന്റ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പാട് ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, കണ്ണപുരം, ചെറുകുന്ന്, പട്ടുവം പഞ്ചായത്തുകളിൽ കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | കൈപ്പാട് കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കൈപ്പാട് ഏരിയ ഡവലപ്മെൻറ് സൊസൈറ്റിയുടെ സഹകര ണത്തോടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, കണ്ണപുരം, ചെറുകുന്ന്, പട്ടുവം എന്നീ പഞ്ചായത്തുകളിൽ കൂടുതൽ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നിലം ഒരുക്കുന്നതിനായി (കാട് വെട്ടിത്തെളിക്കൽ) ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടു കൂടി ഹെക്ടറിന് ഒരു ലക്ഷം രൂപ എന്ന നിരക്കിൽ സഹായം നൽകികൊണ്ട്, കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകരുടെ സ്വന്തം കൈവശ ഭൂമികളിലാണെങ്കിലും കൈപ്പാട് കൃഷിക്കായി കണ്ടൽ കാടുകൾ നീക്കം ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. നവീന രീതിയിൽ രൂപകൽപന ചെയ്ത മെഷീനുകൾ വാങ്ങുക, അഞ്ച് ഹെക്ടർ സ്ഥലത്ത് വിത്ത് ഉത്പാദനം നടത്തുക, കർഷകരിൽ നിന്നും വിത്തുകൾ ശേഖരിക്കുക, ശേഖരിക്കപ്പെട്ട വിത്തുകളും, നെല്ലും സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, G.I. ബ്രാന്റുള്ള കൈപ്പാട് അരിയുടെ മാർക്കറ്റിംഗ് ശക്തിപ്പെടുത്തുക, കളനശീകരണം, മറ്റ് അപ്രതീക്ഷിതമായ ചെലവുകൾ എന്നീ ഘടകങ്ങൾക്കായി "സമഗ്രനെൽകൃഷി വികസന പദ്ധതിയുടെ" ഭാഗമായി കൈപ്പാട് നെൽകൃഷി വികസനത്തിന് മാത്രമായി 41.5767 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കൈപ്പാട് റിസേർച്ച് & ഡവലപ്മെന്റ് സെന്റർ എന്ന ഒരു ഗവേഷണ പരിശീലന കേന്ദ്രവും കല്ല്യാശ്ശേരി മണ്ഡലത്തിൽ തുടങ്ങുന്നതിനുള്ള ഭരണാനുമതി 09/01/2020-ലെ ആസൂത്രണ സാമ്പത്തിക കാര്യ (RKI) വകുപ്പിന്റെ സ.ഉ. (സാധാ) നം. 19 / 2020 / P&EA നമ്പർ ഉത്തരവു പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ